**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 208** **22-02-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ക്യാൻസർ രോഗ വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ക്യാൻസർ രോഗം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ സംസ്ഥാന അനുപാതത്തിനനുസൃതമായി കാൻസർ രോഗികളുടെ എണ്ണം വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലയിൽ പ്രതിവർഷം തുടർ ചികിത്സയിലുള്ള കാൻസർ രോഗികളുടെ എണ്ണം 1100-1200 നും ഇടയിലാണ്. ഇതിനു പുറമേ പ്രതിമാസം ശരാശരി 20-30 പുതിയ കാൻസർ കേസുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജീവിതശൈലിയിലുള്ള മാറ്റങ്ങളും ഗോത്ര വർഗക്കാർ ഉൾപ്പെടെയുള്ളവർക്കിടയിലുള്ള പുകയില ഉൽപ്പന്നങ്ങളുടെ വർധിച്ച ഉപയോഗവും കാൻസർ കേസുകളുടെ വർദ്ധനവിന് കാരണമാണ്. ജില്ലയിൽ കാൻസർ നിർണ്ണയ ക്യാമ്പുകൾ കൂടുതൽ നടത്തുന്നതിനാൽ പ്രാരംഭഘട്ടത്തിൽ തന്നെ രോഗം കണ്ടെത്താൻ സാധിക്കുന്നുണ്ട്. |
| (ബി) | ജില്ലയിലെ നിലവിലെ ക്യാൻസർ രോഗികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ ചികിത്സയിലിരിക്കുന്നതുമായ 2821 രോഗികൾ വയനാട് ജില്ലയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ